ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 30.09.2024** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. രാജ്യത്തെ ആരോഗ്യരക്ഷാ സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ കേന്ദ്ര സർക്കാർ തുടർച്ചയായ ശ്രമങ്ങളാണ് നടത്തുന്നതെന്ന് രാഷ്ട്രപതി ദ്രൗപതി മുർമു

   President Droupadi Murmu has said that the central government is continuously making efforts to expand healthcare facilities in the country

2. ജമ്മു കാശ്മീരിൽ നിയമസഭാ തിരഞ്ഞെടുപ്പിൻറെ അവസാന ഘട്ട വോട്ടെടുപ്പ് നാളെ, ഹരിയാനയിൽ പ്രചാരണം ഊർജിതമാക്കി രാഷ്ട്രീയ പാർട്ടികൾ

   Final phase of Jammu and Kashmir assembly polls tomorrow, political parties intensify campaign in Haryana

3. പ്രധാനമന്ത്രി നരേന്ദ്രമോദി മറ്റന്നാൾ ഝാർഖണ്ഡ് സന്ദർശിക്കും. 83,000 കോടി രൂപയുടെ വിവിധ പദ്ധതികൾക്ക് തുടക്കം കുറിക്കും

   Prime Minister Narendra Modi will visit Jharkhand day after tomorrow; Various projects worth Rs 83,000 crore will be launched

4. **ഇന്ത്യയിലെ ആദ്യത്തെ സൂപ്പർകപ്പാസിറ്റർ ഉൽപ്പാദന കേന്ദ്രത്തിൻറെ ഒന്നാം ഘട്ട ഉദ്ഘാടനം കണ്ണൂരിൽ നാളെ മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും.**

   **Chief Minister Pinarayi Vijayan will inaugurate the first phase of India's first supercapacitor production center in Kannur tomorrow.**

5. **ടെസ്റ്റ് ക്രിക്കറ്റ് ചരിത്രത്തിൽ ഏറ്റവും വേഗത്തിൽ 100 റൺ നേടുന്ന ടീമെന്ന റെക്കോർഡ് സ്വന്തമാക്കി ഇന്ത്യ: ചരിത്ര നേട്ടം ബംഗ്ലാദേശിനെതിരായ കാൺപൂർ ടെസ്റ്റിൽ.**

   **India set the record of fastest team century in test cricket history, historic achievement made in the Kanpur Test against Bangladesh.**

**&&&&&&&&&&&&&&&&&&**

## PRESIDENT – CONVOCATION

രാജ്യത്തെ ആരോഗ്യരക്ഷാ സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ തുടർച്ചയായ ശ്രമങ്ങളാണ് കേന്ദ്ര സർക്കാർ നടത്തുന്നതെന്ന് രാഷ്ട്രപതി ദ്രൗപതി മുർമു . ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ , ഡോ. രാം മനോഹർ ലോഹ്യ ആശുപത്രിയുടെ അടൽ ബിഹാരി വാജ്പേയി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസിൻറെ പത്താമത് ബിരുദദാന ചടങ്ങിനെ അഭിസംബോധന ചെയ്യുകയായിരുന്നു രാഷ്ട്രപതി. രോഗികളുടെ ജീവൻ രക്ഷിക്കാൻ ഡോക്ടർമാർ

എല്ലാ ശ്രമങ്ങളും നടത്തുന്നുവെന്ന് എല്ലാവരും മനസ്സിലാക്കണമെന്ന് ഡോക്ടർമാരോട് മോശമായി പെരുമാറിയ സംഭവത്തെ പരാമർശിച്ചുകൊണ്ട് രാഷ്ട്രപതി പറഞ്ഞു. എന്തെങ്കിലും അനിഷ്ട സംഭവങ്ങൾ ഉണ്ടായാൽ ഡോക്ടർമാരോടും ആശുപത്രി ജീവനക്കാരോടും മോശമായി പെരുമാറരുതെന്നും രാഷ്ട്രപതി ജനങ്ങളോട് അഭ്യർത്ഥിച്ചു.

*(PRESIDENT BYTE)*

രാജ്യത്ത് മെഡിക്കൽ കോളേജുകളുടെ എണ്ണം വർദ്ധിച്ചതായും , എംബിബിഎസ്, പിജി സീറ്റുകളുടെ എണ്ണം ഇരട്ടിയായതായും രാഷ്ട്രപതി ദ്രൗപതി മുർമു കൂട്ടിച്ചേർത്തു .

കേന്ദ്ര ആരോഗ്യമന്ത്രി ജെ പി നദ്ദയും ചടങ്ങിൽ സംബന്ധിച്ചു .

&&&&&&&&&&&&&&&&&&

**JK ELECTION**

ജമ്മു-കശ്മീരിൽ നാളെ നടക്കുന്ന നിയമസഭാ തിരഞ്ഞെടുപ്പിൽ അവസാന ഘട്ട വോട്ടെടുപ്പിനുള്ള ഒരുക്കങ്ങൾ പൂർത്തിയായി. സുഗമവും സമാധാനപരവുമായ പോളിങ്ങിനായി ജമ്മു കശ്മീരിൽ വിപുലമായ സുരക്ഷാ ക്രമീകരണങ്ങളാണ് ഒരുക്കിയിരിക്കുന്നത്. പരസ്യപ്രചാരണം ഇന്നലെ വൈകിട്ട് അവസാനിച്ച ജമ്മു കാശ്മീരിൽ മൂന്നാംഘട്ടത്തിൽ

ഏഴു ജില്ലകളിലെ 40 നിയമസഭാ മണ്ഡലങ്ങളിലാണ് തിരഞ്ഞെടുപ്പ്. ആദ്യ രണ്ടുഘട്ട വോട്ടെടുപ്പുകൾ സമാധാനപരമായിരുന്നു. വോട്ടെണ്ണൽ അടുത്തമാസം എട്ടിന് നടക്കും.

&&&&&&&&&&&&&&&&&&

## HARYANA ELECTION

ഹരിയാന നിയമസഭാ തെരഞ്ഞെടുപ്പ് പ്രചാരണം ഊർജ്ജിതമായി പുരോഗമിക്കുന്നു. നാളെ ഫരീദാബാദിൽ നടക്കുന്ന തിരഞ്ഞെടുപ്പ് യോഗത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി പങ്കെടുക്കും. ഇന്ന് ഹരിയാനയിൽ വിജയ് സങ്കൽപ്പ് യാത്ര നടത്തിയ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി കുരുക്ഷേത്രയിലെ താനേസറിൽ പൊതു സമ്മേളനത്തെ അഭിസംബോധന ചെയ്തു. ഹരിയാനയിലെ ഭിവാനിയിൽ നടന്ന പൊതുയോഗത്തിൽ ഉത്തർപ്രദേശ് മുഖ്യമന്ത്രി യോഗി ആദിത്യനാഥ് സംസാരിച്ചു. 90 നിയമസഭാ മണ്ഡലങ്ങളിലേക്ക് അടുത്തമാസം 5 നാണ് വോട്ടെടുപ്പ്. എട്ടിനാണ് വോട്ടെണ്ണൽ

&&&&&&&&&&&&&&&&&&

## PM-JHARKHAND VISIT-INTRO

പ്രധാനമന്ത്രി നരേന്ദ്രമോദി മറ്റന്നാൾ ഝാർഖണ്ഡ് സന്ദർശിക്കും. ഹസാരിബാഗിൽ നടക്കുന്ന ചടങ്ങിൽ അദ്ദേഹം 83,000 കോടി രൂപയുടെ വിവിധ പദ്ധതികളുടെ

തറക്കല്ലിടലും ഉദ്ഘാടനവും നിർവഹിക്കും

വിശദാംശങ്ങളിലേക്ക്..........

(വോയിസ്)

&&&&&&&&&&&&&&&&&&

**PM-JHARKHAND VISIT-VOICE**

രാജ്യത്തുടനീളമുള്ള ഗോത്രവർഗ സമൂഹങ്ങളുടെ സമഗ്ര വികസനം ഉറപ്പാക്കുന്നതിന്റെ ഭാഗമായി 79,000 കോടിയിലധികം രൂപ ചെലവുവരുന്ന ധർത്തി ആബ ജൻജാതിയ ഗ്രാം ഉത്കർഷ് അഭിയാന് പ്രധാനമന്ത്രി തുടക്കം കുറിക്കും. രാജ്യത്തെ 549 ജില്ലകളിലും 2,740 ബ്ലോക്കുകളിലുമായി 63,000 ഗ്രാമങ്ങളിലെ 5 കോടിയിലധികം ഗോത്രവർഗ്ഗവിഭാഗക്കാർ അഭിയാന്റെ ഗുണഭോക്താക്കളാകും.

40 ഏകലവ്യ സ്കൂളുകളുടെ ഉദ്ഘാടനവും 2800 കോടി രൂപ ചെലവു വരുന്ന 25 ഏകലവ്യ സ്കൂളുകളുടെ തറക്കല്ലിടലും പ്രധാനമന്ത്രി ചടങ്ങിൽ നിർവഹിക്കും. പ്രധാനമന്ത്രി ജനജാതി ആദിവാസി ന്യായ മഹാ അഭിയാന് കീഴിൽ 1360 കോടി രൂപയിലധികം വരുന്ന ഒന്നിലധികം പദ്ധതികളുടെ ഉദ്ഘാടനവും തറക്കല്ലിടലും മോദി നിർവഹിക്കും. റോഡ്, അംഗൻവാടികൾ, വിവിധോദ്ദേശ കേന്ദ്രങ്ങൾ, സ്കൂൾ ഹോസ്റ്റലുകൾ എന്നിവ ഉൾപ്പെടുന്നതാണ് പദ്ധതികൾ.

ന്യൂസ്ഡസ്ക് ആകാശവാണി......

&&&&&&&&&&&&&&&&&&

## JAISHANKAR - US

വിദേശകാര്യമന്ത്രി എസ് ജയശങ്കർ നാളെ യുഎസ് വിദേശകാര്യമന്ത്രി ആൻ്റണി ബ്ലിങ്കെനുമായി കൂടിക്കാഴ്ച നടത്തും. വാഷിംഗ്ടൺ ഡിസിയിൽ നാളെ നടക്കുന്ന കൂടിക്കാഴ്ചയിൽ യുക്രൈൻ യുദ്ധവും പശ്ചിമേഷ്യൻ പ്രതിസന്ധിയും ഉൾപ്പെടെ വിവിധ ഉഭയകക്ഷി, ആഗോള വിഷയങ്ങൾ ചർച്ചയാകുമെന്ന് പ്രതീക്ഷിക്കുന്നു. കൂടാതെ മറ്റു ഉയർന്ന ഉദ്യോഗസ്ഥരുമായും ശ്രീ ജയശങ്കർ കൂടിക്കാഴ്ച നടത്തും.

&&&&&&&&&&&&&&&&&&

## AIR CHIEF-IAF

ഇന്ത്യൻ വ്യോമസേനാ മേധാവിയായി എയർ മാർഷൽ അമർ പ്രീത് സിംഗ് ചുമതലയേറ്റു. 2023 ഫെബ്രുവരി മുതൽ അദ്ദേഹം വ്യോമസേനാ ഉപമേധാവിയായി സേവനമനുഷ്ഠിക്കുകയായിരുന്നു. 1984 ഡിസംബറിൽ ഇന്ത്യൻ വ്യോമസേനയിൽ കമ്മീഷൻഡ് ഓഫീസറായി ചേർന്ന അദ്ദേഹം 40 വർഷത്തോളം നീണ്ടുനിന്ന സേവനത്തിനിടയിൽ വ്യോമസേനയുടെ വിവിധ വിഭാഗങ്ങളിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട് . ഇന്ന് സ്ഥാനമൊഴിഞ്ഞ എയർ ചീഫ് മാർഷൽ വിആർ ചൗധരിയുടെ പിൻഗാമിയായാണ് എയർ മാർഷൽ അമർ പ്രീത് സിംഗ് ചുമതലയേറ്റത് .

&&&&&&&&&&&&&&&&&&&

## PRESIDENT- IPS BATCH

2023 ബാച്ചിലെ ഐപിഎസ് പ്രൊബേഷണർമാരുടെ സംഘം രാഷ്ട്രപതി ഭവനിൽ രാഷ്ട്രപതി ദ്രൗപതി മുർമുവിനെ സന്ദർശിച്ചു. വിവിധ അഖിലേന്ത്യാ സേവനങ്ങളിൽ ഇന്ത്യൻ പോലീസ് സർവീസിന് നിർണായക പ്രാധാന്യമുണ്ടെന്ന് പ്രൊബേഷണർമാരെ അഭിസംബോധന ചെയ്യുകൊണ്ട് രാഷ്ട്രപതി പറഞ്ഞു. ക്രമസമാധാനം ഭരണത്തിൻ്റെ അടിസ്ഥാന ശില മാത്രമല്ല, ആധുനിക ഭരണകൂടത്തിൻ്റെ അടിത്തറയാണെന്ന് രാഷ്ട്രപതി കൂട്ടിച്ചേർത്തു.

&&&&&&&&&&&&&&&&&&&

## RUSSIA-UKRAINE ATTACK

ഉക്രേനിലെ കീവിലേക്ക് നിരവധി ഡ്രോണുകൾ വിക്ഷേപിച്ച് റഷ്യ. റക്ഷ്യ വിക്ഷേപിച്ച 73 ഡ്രോണുകളിൽ 67 എണ്ണവും മൂന്ന് മിസൈലുകളിൽ ഒരെണ്ണവും വെടിവെച്ചിട്ടതായി ഉക്രേനിയൻ സേന അറിയിച്ചു. സംഭവത്തിൽ ആളപായമോ നാശനഷ്ടങ്ങളോ റിപ്പോർട്ട് ചെയ്തിട്ടില്ല. സംഘർഷം മൂന്നാം വർഷത്തിലേക്ക് കടക്കുമ്പോൾ ഉക്രെയ്നിൽ മോസ്കോ അതിന്റെ ലക്ഷ്യങ്ങൾ കൈവരിക്കുമെന്ന് റഷ്യൻ പ്രസിഡന്റ് വ്ളാഡിമിർ പുടിൻ പറഞ്ഞു.

&&&&&&&&&&&&&&&&&&&

## CAPACITOR KANNUR

ഇന്ത്യയിലെ ആദ്യത്തെ സൂപ്പർകപ്പാസിറ്റർ ഉൽപ്പാദന കേന്ദ്രത്തിൻറെ ഒന്നാം ഘട്ട ഉദ്ഘാടനം നാളെ മുഖ്യമന്ത്രി പിണറായി വിജയൻ കണ്ണൂർ കല്ല്യാശ്ശേരിയിൽ നിർവഹിക്കും. പുതിയ പ്ലാൻ്റിൽ നിന്ന് ലോകനിലവാരത്തിലുള്ള സൂപ്പർ കപ്പാസിറ്ററുകൾ തദ്ദേശീയമായി നിർമ്മിച്ച് ഇന്ത്യൻ പ്രതിരോധമേഖലയ്ക്കും ഇലക്ട്രിക് വാഹനങ്ങൾക്കും ബഹിരാകാശ ദൗത്യങ്ങൾക്കുമുൾപ്പെടെ വിതരണം ചെയ്യാൻ സാധിക്കും.

&&&&&&&&&&&&&&&&&&

**KANPUR TEST**

ബംഗ്ലാദേശിനെതിരായ കാൺപൂർ ടെസ്റ്റിൽ ഇന്ത്യയ്ക്ക് ചരിത്ര നേട്ടം . ടെസ്റ്റ് ക്രിക്കറ്റ് ചരിത്രത്തിൽ ഏറ്റവും വേഗത്തിൽ 100 റൺ നേടുന്ന ടീമെന്ന റെക്കോർഡ് നേട്ടമാണ് ഇന്ത്യയ്ക്ക് സ്വന്തമായത് . ബംഗ്ലാദേശിന്റെ ഒന്നാം ഇന്നിംഗ്സ് സ്കോറായ 233 റണ്ണിന് മറുപടിയായി 10.1 ഓവറിൽ 100 റൺ നേടിയാണ് ഇന്ത്യൻ ടീം ചരിത്രത്തിന്റെ ഭാഗമായത് .

ഇന്ന് കളി നിർത്തുമ്പോൾ ബംഗ്ലാദേശ് രണ്ടാം ഇന്നിംഗ്സിൽ രണ്ട് വിക്കറ്റ് നഷ്ടത്തിൽ 26 റൺ നേടിയിട്ടുണ്ട്. നേരത്തെ ഇന്ത്യയുടെ ഒന്നാം ഇന്നിംഗ്സ് 9 വിക്കറ്റിന് 285 റൺ എന്ന നിലയിൽ ഡിക്ലയർ ചെയ്തു. ബംഗ്ലാദേശിന്റെ ഒന്നാം

ഇന്നിംഗ്സ് ബാറ്റിങ്ങോടെ ഇന്ന് രാവിലെയാണ് നാലാം ദിനം കളി പുനരാരംഭിച്ചത് .

&&&&&&&&&&&&&&&&&&

## ISL

ഐ എസ് എൽ ഫുട്ബോളിൽ നാളെ ഹൈദരാബാദ് എഫ് സി, ചെന്നൈയിൻ എഫ് സി യെ നേരിടും.വൈകിട്ട് 7 .30 നു ഹൈദരാബാദിലാണ് മത്സരം.ഇന്നലെ നടന്ന നോർത്ത് ഈസ്റ്റ് യുണൈറ്റഡ് -കേരള ബ്ലാസ്റ്റേഴ്സ് മത്സരം സമനിലയിൽ അവസാനിച്ചു.

&&&&&&&&&&&&&&&&&&

## KERALA ELECTRICITY

കേരളത്തിന് 177 മെഗാവാട്ട് വൈദ്യുതി ലഭ്യമാക്കാൻ കേന്ദ്ര ഊർജ്ജ മന്ത്രാലയം ഉത്തരവിട്ടു. നാഷണൽ തെർമൽ പവർ കോർപ്പറേഷന്റെ ബാർഹ് 1,2 നിലയങ്ങളിൽനിന്നാണ് യഥാക്രമം 80 മെഗാവാട്ട്, 97 മെഗാവാട്ട് വീതം വൈദ്യുതി ലഭ്യമാക്കുക. വൈദ്യുതി പ്രതിസന്ധി നേരിടാൻ 300 മെഗാവാട്ട് വൈദ്യുതിയാണ് കേരളം ആവശ്യപ്പെട്ടത്. നാളെ മുതൽ 2025 മാർച്ച് 31 വരെയാണ് വൈദ്യുതി ലഭ്യമാവുക.

&&&&&&&&&&&&&&&&&&

## PM-MITHUN

ദാദാ സാഹിബ് ഫാൽക്കെ പുരസ്കാരം നേടിയ നടൻ മിഥുൻ ചക്രവർത്തിയെ പ്രധാനമന്ത്രി നരേന്ദ്ര മോദി അഭിനന്ദിച്ചു. ഇന്ത്യൻ സിനിമയ്ക്ക് സമാനതകളില്ലാത്ത സംഭാവന നൽകിയ വ്യക്തിത്വമാണ് ശ്രീ മിഥുൻ ചക്രവർത്തിയെന്ന് സാമൂഹ്യ മാധ്യമ കുറിപ്പിൽ ശ്രീ മോദി കുറിച്ചു. വൈവിധ്യമാർന്ന പ്രകടനങ്ങൾ കൊണ്ട് തലമുറകളുടെ പ്രശംസ നേടിയ വ്യക്തി കൂടിയാണ് അദ്ദേഹമെന്നും പ്രധാനമന്ത്രി പറഞ്ഞു

&&&&&&&&&&&&&&&&&&

**BRAP 2024**

മേക്ക് ഇൻ ഇന്ത്യ സംരംഭം കൂടുതൽ ശക്തിപ്പെടുത്താൻ ബിസിനസ് റിഫോംസ് ആക്ഷൻ പ്ലാൻ (BRAP) 2024 കൊണ്ടുവരുമെന്ന് വാണിജ്യ-വ്യവസായ മന്ത്രാലയം. വ്യാപാരം സുഗമമായി നടത്തുന്നതിന് രാജ്യത്തുടനീളം തടസ്സമില്ലാത്ത ബിസിനസ്സ് നിയന്ത്രണ ചട്ടക്കൂട് സ്ഥാപിക്കാൻ BRAP സഹായിക്കുമെന്ന് മന്ത്രാലയം പ്രസ്താവനയിൽ പറഞ്ഞു. ഇന്ത്യയെ ആഗോള നിക്ഷേപ കേന്ദ്രമാക്കി മാറ്റുന്നതിനുള്ള പ്രക്രിയകൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് BRAP സഹായിക്കുമെന്നും മന്ത്രാലയം അറിയിച്ചു.

2014-15-ൽ ആരംഭിച്ച BRAP രാജ്യത്തിൻ്റെ ബിസിനസ്സ്

പരിസ്ഥിതി പുനർനിർമ്മിക്കുന്നതിൽ പ്രധാന പങ്കുവഹിച്ചിട്ടുണ്ട് .

&&&&&&&&&&&&&&&&&&&

## JHARKHAND-POSHAN

രാജ്യത്തുടനീളമുള്ള പതിനൊന്നായിരം സക്ഷം അംഗൻവാടികൾ ജാർഖണ്ഡ് ഗവർണർ സന്തോഷ് കുമാർ ഗാങ്‌വാറും കേന്ദ്ര വനിതാ ശിശു വികസന മന്ത്രി അന്നപൂർണാ ദേവിയും ഇന്ന് റാഞ്ചിയിൽ സംയുക്തമായി ഉദ്ഘാടനം ചെയ്തു. 'പോഷൻ ഭീ പഠായീ ഭീ എന്ന വിളർച്ച ബോധവൽക്കരണപരിപാടിയിൽ ശ്രദ്ധ കേന്ദ്രീകരിച്ചു കൊണ്ട് രാജ്യത്തെ പോഷകാഹാരക്കുറവ് പരിഹരിക്കുക എന്നതാണ്'പോഷൻ മാ' യുടെ ലക്ഷ്യമെന്ന് റാഞ്ചിയിൽ നടന്ന ദേശീയ പോഷൺ മായുടെ ഏഴാം പതിപ്പിൻ്റെ സമാപന ചടങ്ങിൽ കേന്ദ്രമന്ത്രി അന്നപൂർണാ ദേവി പറഞ്ഞു. ഈ പ്രസ്ഥാനത്തിന് കീഴിൽ എണ്ണം 11 കോടിയിലധികം പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ളതായി അവർ പറഞ്ഞു. രാജ്യത്തെ സ്ത്രീകളുടെയും പെൺകുട്ടികളുടെയും ആരോഗ്യവും ശാക്തീകരണവും കൊണ്ട് മാത്രമേ വികസിത ഇന്ത്യ എന്ന ലക്ഷ്യം കൈവരിക്കാനാകൂ എന്നും കേന്ദ്രമന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&&&

&&&&&&&&

&&&&&&

&&&&

&&&

&&

&